(ഡി) സെമിനാറുകൾ, ശില്പശാലകൾ, ബോധവൽക്കരണ ക്യാമ്പയിനുകൾ എന്നിവ മുഖേന നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിച്ച് വരുന്നു. കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേന കീടരോഗ നിയന്ത്രണത്തിനായുള്ള ജൈവിക ഉപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോകാർഡ്സ്, ബ്യൂവേറിയ മുതലായവ കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ഇവ ഉല്പാദിപ്പിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

രോഗങ്ങളിൽനിന്നും കീടങ്ങളിൽനിന്നും കാർഷിക വിളകളെ രക്ഷിക്കുന്നതിനും കീടനാശിനി രഹിത സമ്പ്രദായങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി മാനവവിഭവശേഷി വികസനം എന്ന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് പരിശീലനങ്ങൾ നൽകിവരുന്നു.

കാർഷിക -വെറ്ററിനറി സർവ്വകലാശാലകൾക്ക് കീഴിലുള്ള ഫാമുകളിലുള്ള കാഷ്വൽ തൊഴിലാളികൾ

168 (1537) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാർഷിക - വെറ്ററിനറി സർവ്വകലാശാലകൾക്ക് കീഴിലുള്ള ഫാമുകളിൽ എത്ര കാഷ്വൽ തൊഴിലാളികൾ ജോലി നോക്കിവരുന്നുണ്ട് ;

(ബി) ഫാമുകളിലെ തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി കൃഷിവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ ; ഇവരുടെ തൊഴിൽഭദ്രത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഫാമുകളിൽ 625 കാഷ്വൽ തൊഴിലാളികളും വെറ്ററിനറി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഫാമുകളിൽ മൊത്തം 459 കാഷ്വൽ തൊഴിലാളികളും ജോലി നോക്കുന്നുണ്ട്.

(ബി) കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം കാഷ്വൽ തൊഴിലാളികളുടെ ഹാജരിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

നിർണ്ണയിച്ച് സ്ഥിരം തൊഴിലാളി തസ്തികയിലെ ഒഴിവുകളുടെ ലഭ്യതയനുസരിച്ച് സ്ഥിരം തൊഴിലാളികളായി നിയമനം നൽകിവരുന്നുണ്ട്. സർവ്വകലാശാലയുടെ എല്ലാ ഫാമുകളിലും ജനറൽ കൗൺസിൽ അംഗത്തെ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തി ഫാം ഉപദേശകസമിതി രൂപീകരിക്കുകയും ഈ സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുകയും, ഫാമുകളുടെ വികസനം സംബന്ധിച്ചും തൊഴിലാളികളുടെ സൗകര്യങ്ങൾ/ക്ഷേമം സംബന്ധിച്ചും തീരുമാനമെടുക്കുകയും, ഇവ നടപ്പിലാക്കിവരികയും ചെയ്യുന്നു. കാഷ്വൽ തൊഴിലാളികൾ സ്ഥിരപ്പെടുന്നതോടെ അവരുടെ സേവന-വേതന വ്യവസ്ഥകളെല്ലാം അതാത് സമയത്ത് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും കേരള സർവ്വീസ് ചട്ടങ്ങൾക്കും അനുസൃതമായി നടപ്പാക്കിവരുന്നു.

വെറ്ററിനറി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഫാമുകളിൽ തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിലേക്ക് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി

169 (1538) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്താണ് ഉദ്ദേശലക്ഷ്യങ്ങൾ എന്നും പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് സഹകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly